(സി) ഓരോ സ്ഥലത്തും എത്ര തൊഴിലാളികൾവീതം ജോലി ചെയ്യുന്നുണ്ട്;

(ഡി) ഈ തൊഴിലാളികൾക്കു മിനിമം വേജസ് പ്രഖ്യാപിക്കാനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) 9 എൻപത്.

(ബി)

	മേൽവിലാസം	തൊഴിലാളികളുടെ എണ്ണം
1.	റോയൽ കോഫി വർക്സ്, കാക്കുഴിൽ, നട്ടാശ്ശേരി, നാഗമ്പടം, കോട്ടയം	50
2.	മദ്രാസ് കോഫൂൺ ആൻറ് പ്രോഡക്റ്റ്സ് കാറഡിഗൂഡി എസ്റ്റേറ്റ്, വണ്ടിപ്പെരിയാർ, ഇടുക്കി	50
3.	രംഗവിലാസ് കോഫി ക്യൂറിംഗ് വർക്സ്, കുൻഡുകുളം റോഡ്, കോഴിക്കോട്	100
4.	മാമള്ളി വർക്സ്, ചെറുവണ്ണൂർ, ഫാറൂക്ക്.	850
5.	ആർ. കെ. എൻ. കോഫി ക്യൂറിംഗ് വർക്സ്, കോഴിക്കോട്.	75
6.	വിജയ കോഫി ക്യൂറിംഗ് വർക്സ്, കല്പറ്റ ഇടുക്കി.	250
7.	ദി നോർത്ത് മലബാർ ഡിസ്ട്രിക്റ്റ് കോ-ഓപ്പറേറ്റീവ് സപ്ലൈ ആൻറ് മാർക്കറ്റിംഗ് സൊസൈറ്റി ലിമിറ്റഡ്, കല്പറ്റ പി. ഒ., സൗത്ത് വയനാട്.	
8.	കൻസോളിഡേറ്റഡ് കോഫി ലിമിറ്റഡ് ആൻഡ് സൺസ് ഓഫ് പ്രീമിസസ് കോഫി ക്യൂറിംഗ് വർക്സ്, തലശ്ശേരി.	250
9.	മൊറാക്കൂൺ കോഫി ക്യൂറിംഗ് വർക്സ് ആൻഡ് കാർബ്ലിംഗ് ഷെഡ്, തലശ്ശേരി	250
		2,125

(സി) മുകളിൽ കൊടുത്തിട്ടുള്ള ഉത്തരം കണ്ടാലും.

(ഡി) ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

സിനിമാ തൊഴിലാളികളുടെ മിനിമം വേതനം

270 [585] ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പ് മന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) സിനിമാ തൊഴിലാളികളുടെ മിനിമം വേതനം പുതുക്കുന്നതിന് നിയമിച്ച കമ്മിറ്റിയുടെ കാലാവധി അവസാനിച്ചോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കമ്മിറ്റി എന്നാണ് ഗവൺമെൻറിന് റിപ്പോർട്ട് സമർപ്പിച്ചത്;

(സി) റിപ്പോർട്ടിന്മേൽ എന്ത് നടപടിയെടുത്തു;

ഉത്തരം

(എ) കമ്മിറ്റിയുടെ കാലാവധി അവസാനിച്ചുവെങ്കിലും നീട്ടി കൊടുക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

(ബി) റിപ്പോർട്ട് സമർപ്പിച്ചില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

പെരുമ്പാവൂർ ട്രാവൻകൂർ റയോൺസ് കമ്പനി

271 [586] ശ്രീ. ടി. കെ. അബ്ദു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സഭയ്ക്ക് മറുപടി നൽകുമോ:

(എ) 1985 ഫെബ്രുവരി 21-നു മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന കോൺഫറൻസിൽ 1985 മാർച്ച് ഒന്നുമുതൽ പെരുമ്പാവൂർ ട്രാവൻകൂർ റയോൺസ് കമ്പനി തുറന്നു പ്രവർത്തിക്കുമെന്ന് ഉറപ്പു നൽകിയിരുന്നുവോ; എങ്കിൽ ആ ഉറപ്പ് പാലിക്കപ്പെട്ടിട്ടുണ്ടോ.

(ബി) എന്നുമുതലാണ് പ്രസ്തുത കമ്പനി അടച്ചു[illegible]തത്;

(സി) ഈ കമ്പനി അടച്ചു പൂട്ടാനുള്ള കാരണമെന്ത്?

ഉത്തരം

(എ) 1985 ഫെബ്രുവരി മാസം 21-ാം തീയതി മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഉണ്ടായ ഒത്തുതീർപ്പ് കരാറിൽ 1985 മാർച്ച് ഒന്നുമുതൽ പെരുമ്പാവൂർ റയോൺസ് കമ്പനി തുറന്നു പ്രവർത്തിക്കുമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. ഈ വ്യവസ്ഥ കമ്പനി നടപ്പിലാക്കിയിട്ടില്ല. ഇൻഡസ്ട്രിയൽ ഡവലപ്പ്മെൻറ് ബാങ്ക് ഓഫ് ഇൻഡ്യയിൽനിന്നു വായ്പ ലഭിക്കാതിരുന്നതുകൊണ്ടാണ് കമ്പനി തുറന്നു പ്രവർത്തിക്കാതിരുന്നത്. വായ്പ നൽകുന്നതിനു ഇൻഡസ്ട്രിയൽ ഡവലപ്പ്മെൻറ് ബാങ്ക് ഓഫ് ഇൻഡ്യ ചില വ്യവസ്ഥകൂടി കൂടുതലായി ആവശ്യപ്പെട്ടു. ആ വ്യവസ്ഥകൾ തൊഴിലാളികൾക്കു സമ്മതമായിരുന്നില്ല. കമ്പനി 1-3-1985 മുതൽ തുറന്നു പ്രവർത്തിക്കാതിരിക്കുന്നതിനെ തുടർന്നു അനുരഞ്ജന സമ്മേളനങ്ങൾ നടത്തുകയും 3-8-1985-ൽ എറണാകുളം റീജിയണൽ ജോയിൻറ് ലേബർ കമ്മിഷണറുടെ ഓഫീസിൽ വച്ചുനടന്ന കോൺഫറൻസിൽവച്ച് പ്രശ്നം ഒത്തുതീർപ്പാവുകയും ചെയ്തിട്ടുണ്ട്. അതനുസരിച്ച് ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷനുകളിൽനിന്നും, ബാങ്കിൽനിന്നും വായ്പ ലഭിച്ചു കഴിഞ്ഞാലുടൻ കമ്പനി പ്രവർത്തനം ആരംഭിക്കുമെന്നും കമ്പനിയുടെ പ്രവർത്തനത്തിനും ഉല്പാദനത്തിനും വേണ്ടത്ര തൊഴിലാളികളെ ആവശ്യാനുസരണം കീഴ്വഴക്കം അനുസരിച്ചുള്ള രീതിയിൽ തിരിച്ചെടുക്കുമെന്നും ആണ്. എല്ലാതൊഴിലാളികളെയും 31-12-1985 നകം തിരിച്ചെടുക്കുന്നതുമാണ്.

(ബി) 14-1-1985 മുതലാണ് ഈ കമ്പനി അടച്ചു പൂട്ടിയത്.

LIBRARY ARCHIVES Kerala Legislative Assembly